## ജലദിനം

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടിക്കുമുൻപ്, ഇന്ന് ലോക ജലദിനമാണ്. ഭൂമി ഒരു ജലഗ്രഹമാണ്. ഭൂമിയിലുള്ള ജലത്തിന്റെ 3.5 ശതമാനം മാത്രമാണ് ശുദ്ധജലം. പ്രകൃതിയിലെ മനുഷ്യന്റെ അനഭിലഷണീയമായ ഇടപെടലുകൾ നിമിത്തം കുടിവെള്ള സ്രോതസ്സുകളെല്ലാം നശിച്ചുകൊണ്ടിരിക്കുകയാണ്. മഹാനദികൾ പലതും മാലിന്യ കൂമ്പാരമായിക്കഴിഞ്ഞു. ഖര മാലിന്യങ്ങളും രാസവസ്തുക്കളും അടിഞ്ഞ് കുളവും കിണറുകളും തടാകങ്ങളുമെല്ലാം നാശത്തിന്റെ വക്കിലാണ്. രാഷ്ട്രങ്ങൾ തമ്മിൽ ജീവജലത്തിനു വേണ്ടിയുള്ളൊരു ലോകയുദ്ധം ആരംഭിക്കുമോ എന്നുള്ള ആശങ്കയിലാണ് ലോകം. ഓരോ തുള്ളി ജലവും സൂക്ഷിച്ച് ഉപയോഗിക്കാനും ഭാവി തലമുറയ്ക്കുവേണ്ടി ശേഖരിച്ച് സംഭരിച്ചു വയ്ക്കാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. 1993 മാർച്ച് 22 മുതൽ യു.എൻ. ജനറൽ അസംബ്ലി ഈ ലക്ഷ്യങ്ങൾ മുൻനിർത്തി ലോക ജലദിനം ആചരിച്ചു വരികയാണ്. ജീവജലം സംരക്ഷിച്ച് ജീവൻ നിലനിർത്താനും ഹരിതഭൂമിയെ കൂടുതൽ ഹരിതാഭമാക്കുവാനും ജലദിനം നമുക്ക് പ്രേരണയും പ്രചോദനവുമാകട്ടെ. ജല സമൃദ്ധിയുടെ മലയാളക്കരയെ കാത്തു സൂക്ഷിക്കാൻ കൂടുതൽ പരിശ്രമങ്ങൾ ഉണ്ടാകട്ടെ എന്ന് പ്രതീക്ഷിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, 1992-ലെ ഐക്യരാഷ്ട്ര സഭയുടെ ഭൗമ ഉച്ചകോടി മുതൽ മാർച്ച് 22 ലോക ജലദിനമായി ആചരിക്കുകയാണ്. "നേച്ചർ ഫോർ വാട്ടർ" ജലത്തിനായി പ്രകൃതി എന്നതാണ് ഈ വർഷത്തെ ജലദിനത്തിലെ തീം. ജലസ്രോതസ്സുകൾ അപ്രത്യക്ഷമാകുന്ന തരത്തിലുള്ള ദുരന്തങ്ങൾ സംഭവിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. സൗത്ത് ആഫ്രിക്കയിലെ കേപ് ടൗണിൽ ഇതിനു തുടക്കം കുറിച്ചുകഴിഞ്ഞു. ജലസ്രോതസ്സുകൾ സമീപകാലത്ത് അപ്രത്യക്ഷമാകുമെന്ന് കരുതുന്ന നഗരങ്ങളുടെ പട്ടികയിൽ നമ്മുടെ അയൽ സംസ്ഥാനത്തെ ഒരു നഗരംകൂടി ഉൾപ്പെട്ടിരിക്കുന്നുവെന്നത്, തീവ്രമായ ജലക്ഷാമം നമ്മുടെയടുത്തെത്തിയിരിക്കുന്നു എന്നതിന്റെ തെളിവാണ്. ഐക്യരാഷ്ട്രസഭ പറയുന്നത്, ലോക ജനസംഖ്യയിൽ ഒൻപതിൽ ഒരാൾക്കുവീതം ഇന്ന് ശുദ്ധജലം ലഭ്യമല്ലെന്നാണ്. ലോകത്തിൽ നടക്കുന്ന മരണങ്ങളിൽ അഞ്ചിലൊന്ന് ജല സംബന്ധിയായ രോഗങ്ങളാലാണ്. ശുദ്ധജലം ലഭിക്കാത്ത ജനസംഖ്യയുടെ 84 ശതമാനവും വസിക്കുന്നത് ഗ്രാമങ്ങളിലാണ്. ഭൂമിശാസ്ത്രപരമായും സാമൂഹ്യമായും സാംസ്കാരികമായും സാമ്പത്തികവുമായ അസമത്വങ്ങൾ ഇതിനു കാരണമാണ്. ഏറ്റവും പാവപ്പെട്ടവൻ, ഏറ്റവും രൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്ന അവസ്ഥയാണ് ഉണ്ടാകാൻ

പോകുന്നത്. 2050-ഓടു കൂടി ലോകത്ത് നാലിൽ ഒരാൾക്ക് വീതം ശുദ്ധജലം ലഭ്യമല്ലാതെയാകും എന്നാണ് കണക്കുകൾ പ്രവചിക്കുന്നത്. കാലാവസ്ഥാ വ്യതിയാനവും ആഗോള താപനവും ഒക്കെ ഇതിനു കാരണമാണ്. നീർച്ചാലുകൾ ഇല്ലാതാകാതെയും പുഴകൾ മരിക്കാതെയും അവയെ സംരക്ഷിക്കുവാനും പുനരുജ്ജീവിപ്പിക്കാനും നമ്മുടെ സമൂഹം ഉണരണം. വനങ്ങൾ, തണ്ണീർത്തടങ്ങൾ, പുൽമേടുകൾ ഇവ അടങ്ങിയ പാരിസ്ഥിതിക വ്യൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പാണ് ജലസംക്രമണത്തിന്റെ അടിസ്ഥാനശില. കാലാവസ്ഥാ വ്യതിയാനത്തിനെ നേരിടാനുള്ള ഒറ്റമൂലി ഈ പാരിസ്ഥിതിക വ്യൂഹത്തിന്റെ സംരക്ഷണവും വിപുലീകരണവുമാണ്. സമഗ്രമായ ജലവിഭവ മാനേജ്മെന്റിലൂടെ മാത്രമേ രൂക്ഷമായ ജലക്ഷാമത്തിന്റെ നാളുകൾ എത്തിപ്പെടുന്നത് നമുക്ക് നീട്ടിക്കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ഇന്നലെ ജലവിഭവ വകുപ്പിന്റെ ധനാഭ്യർത്ഥനയായിരുന്നു. ജലവിനിയോഗത്തെപ്പറ്റി മാത്രം ചിന്തിച്ചാൽ മതിയാകുകയില്ല, അവയുടെ സംരക്ഷണവും സംപോഷണവും നദികളുടെയൊക്കെ പുനരുജ്ജീവനവും നമ്മുടെ പരിഗണനാവിഷയമായി മാറണം. നമ്മുടെ ജനപ്രതിനിധികൾ പലരും ഇത്തരം പ്രവർത്തനങ്ങൾക്ക് മാതൃകാപരമായ നേതൃത്വം നൽകുന്നു എന്നത് ഏറ്റവും അഭിനന്ദനീയമാണ്. ജലസ്രോതസ്സുകളേയും

ജലസാന്നിദ്ധ്യം ഉറപ്പു വരുത്തുന്ന പ്രകൃതിയിലെ എല്ലാ ഘടകങ്ങളേയും അടുത്ത തലമുറയ്ക്കായി സംരക്ഷിക്കുമെന്ന് ഈ ജലദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം.